(ബി) പുതുതായി എന്തെല്ലാം പദ്ധതികളാണ് നടപ്പിലാക്കുവാൻ തീരുമാനിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ;

(സി) എടവണ്ണ സീതിഹാജി പാലത്തിനു സമീപമുള്ള റിവർ സൈഡ് പാർക്ക്, കീഴപറമ്പിൽ ചാലിയാറിൽ കൂടിയുള്ള റിവർ ടൂറിസം പദ്ധതി എന്നിവ ഇപ്പോൾ ഏത് ഘട്ടത്തിലാണെന്ന് വിശദമാക്കുമോ?

ഉത്തരം

(എ) 50 ലക്ഷം രൂപയുടെ ഭരണാനുമതി നൽകിയ ആഢ്യൻപാറ ടൂറിസം പദ്ധതിയുടെ പ്രവൃത്തികൾ പൂർത്തീകരിക്കുന്നതിനുള്ള നടപടികൾ പുരോഗമിച്ചു വരുന്നു.

(ബി&സി) എടവണ്ണ സീതിഹാജി പാലത്തിനു സമീപത്തുള്ള റിവർ സൈഡ് പാർക്ക്, ചാലിയാർ റിവർ ടൂറിസം പദ്ധതി, കോഴിപ്പാറ വെള്ളച്ചാട്ടം എന്നീ പദ്ധതികൾ നടപ്പിലാക്കുന്നത് സംബന്ധിച്ച് പരിശോധിച്ചു വരുന്നു.

ചെറായി ബീച്ചിന്റെ നവീകരണം

362 (1052) ശ്രീ. എസ്. ശർമ്മ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി-പിന്നോക്കസമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഡി.ടി.പി.സി. ഏറ്റെടുത്തിരിക്കുന്ന ചെറായി ബീച്ചിന്റെ നവീകരണം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഡി.ടി.പി.സി. സ്ഥാപിച്ച ഹൈമാസ്റ്റ് ലൈറ്റുകളുടെ പ്രവർത്തനം നാളുകളായി നിലച്ചു കിടക്കുന്നുവെന്നും ഇക്കാര്യം പരിഹരിക്കുന്നതിന് എന്ത് നടപടി സ്വീകരിച്ചെന്നും വ്യക്തമാക്കുമോ;

(സി) പ്രസ്തുത പ്രവൃത്തി നടപ്പാക്കുന്നതിനുള്ള കാലതാമസം എന്തുകൊണ്ടാണെന്നും വിശദീകരിക്കുമോ;

(ഡി) ഹൈമാസ്റ്റ് ലൈറ്റിന്റെ പ്രവർത്തനം എന്നത്തേയ്ക്ക് പൂർവ്വ സ്ഥിതിയിലാക്കാനാവുമെന്ന് അറിയിക്കാമോ?

ഉത്തരം

(എ) ഉണ്ട്.

(ബി-ഡി) ഹൈമാസ്റ്റ് ലൈറ്റുകളുടെ പ്രവർത്തനം പുനഃസ്ഥാപിക്കുന്നത് സംബന്ധിച്ച് കിറ്റ്കോയുമായി ബന്ധപ്പെട്ട് സത്വര നടപടികൾ സ്വീകരിച്ചുവരുന്നു.

LIBRARY ARCHIVES Kerala Legislative Assembly